# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2123 07.12.2015 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |

(എ) വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷി നാശം ഉൾപ്പടെയുള്ള എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷിനാശം ഉൾപ്പെടെ 30943 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | 2011-12 | 6409 |
| 2 | 2012-13 | 5784 |
| 3 | 2013-14 | 7122 |
| 4 | 2014-15 | 7499 |
| 5 | 2015-16 | 4129 |

(ബി) ഇത്തരം ആക്രമണങ്ങളുടെ ഇരകളാകുന്ന കർഷകർക്ക് ഇപ്പോൾ ലഭ്യമാകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) മനുഷ്യർക്ക് ജീവഹാനി സംഭവിക്കുന്നതിന് നഷ്ടപരിഹാരമായി നൽകുന്ന തുക ജി.ഒ (എം.എസ്) 96/2014/എഫ് & ഡബ്ല്യൂ എൽ ഡി തീയതി 17.11.14 പ്രകാരം 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ നഷ്ടത്തിനും മനുഷ്യർക്കുണ്ടാകുന്ന പരിക്കിനും നൽകാവുന്ന പരമാവധി നഷ്ടപരിഹാരത്തുക 75,000/- രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്.

(സി) മാൻ-ആനിമൽ കോൺഫ്ലിക്ട് നിയന്ത്രിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുന്നതിന് എന്ത് സൗകര്യമാണ് വകുപ്പിലുള്ളതെന്ന്

(സി) മാൻ-ആനിമൽ കോൺഫ്ലിക്ട് നിയന്ത്രിക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.

വ്യക്തമാക്കുമോ?

3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റോഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ചു മാറ്റാനും വന്ധീകരിക്കുവാനും ഉള്ള നടപടികൾ
13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.
14. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

മേൽപ്പറഞ്ഞ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (എൻ.ജി.ഒ) എന്നിവർ ഉൾപ്പെടുന്ന ഒരു മേൽനോട്ട സമിതി, ഡിപ്പാർട്ട്മെന്റ് നടത്തുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളെ വിലയിരുത്തി വരുന്നു.

സെക്ഷൻ ഓഫീസർ